പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 340 — 07.08.2017 -ൽ മറുപടിക്ക്.

## റേഷൻ സാധനങ്ങളുടെ വിതരണം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.കെ. ബാബു**<br>**ശ്രീ.എം. നൗഷാദ്**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് : | (എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നത് തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം വകുപ്പ് തലത്തിൽ നിലവിലുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും ലീഗൽ മെട്രോളജി, പോലീസ്, റവന്യൂ എന്നീ വകുപ്പുകളെ കൂടി ഏകോപിപ്പിച്ചു കൊണ്ടും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡികളും മാസത്തിൽ ഒരു തവണ പരിശോധിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം പത്ത് കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ യെന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നു. വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. 2016-2017 കാലയളവിൽ 59746 പരിശോധനകൾ നടത്തുകയും ആയത് പ്രകാരം 10.21 ലക്ഷം രൂപ മൂല്യമുള്ള സാധനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതു വിതരണ കേന്ദ്രങ്ങളിൽ കണ്ടെത്തിയ ക്രമക്കേടുകളെ തുടർന്ന് 178 എ.ആർ.ഡി കളുടെയും 3 കെ.ഡബ്ല്യൂ.ഡി കളുടെയും അംഗീകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | റേഷൻ സാധനങ്ങളുടെ വിതരണം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ : | (ബി) & (സി) | റേഷൻ സാധനങ്ങളുടെ വിതരണം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളിൽ ഇ-പോസ് സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ സപ്ലൈകോ വഴി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ടെണ്ടർ ഘട്ടത്തിലാണ്. |
| (സി) | കാർഡുടമകൾ വാങ്ങുന്ന റേഷൻ സാധനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കമ്പ്യൂട്ടർ വഴി അറിയുന്നതിന് ഇ-പോസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | | |
| (ഡി) | റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ : ഇതിനായി ഗോഡൗണുകൾ കണ്ടെത്തിയിട്ടുണ്ടോ എന്നും ഇത് എന്നത്തേയ്ക്ക് പൂർണ്ണമായി നടപ്പാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ? | (ഡി) | സംസ്ഥാനത്ത് 14 ജില്ലകളിലും സപ്ലൈകോ വാതിൽപ്പടി വിതരണം നടത്തി വരുന്നു. ഇതിനായി ഗോഡൗണുകൾ സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ